(ഇ) ഈ സർക്കാർ അധികാരമേറ്റെടുത്തതിന് ശേഷം സംസ്ഥാന സർക്കാരിന്റെ വ്യവസായ മേഖലയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ വഴി എത്ര പേർക്ക് തൊഴിൽ കൊടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്?

ഉത്തരം

(എ)&(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി)&(ഡി) കഴിഞ്ഞ നാല് സാമ്പത്തിക വർഷങ്ങളിൽ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക്വേണ്ടി ബഡ്ജറ്റ് വിഹിതമായി ഫണ്ട് ലഭിച്ച സ്ഥാപനങ്ങളും അവയ്ക്ക് ഓരോന്നിനും ലഭിച്ച ഫണ്ട് വിഹിതവും തുടങ്ങിയ ലിസ്റ്റ് അനുബന്ധമായി വച്ചിട്ടുണ്ട്.†

(ഇ) വിവരം ശേഖരിച്ചുവരുന്നു.

11 (535) കെ.എസ്.ഐ.ഡി.സി യുടെ വ്യവസായ സംരംഭങ്ങൾ

ശ്രീ. ടി.എം. ജേക്കബ് :
ശ്രീ. ബാബു ദിവാകരൻ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള :
ശ്രീ. ജോണിനെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ 2000 മാർച്ച് 31 ന് അവസാനിച്ച നാലുവർഷത്തെ പ്രവർത്തനം കൊണ്ട് എത്ര പദ്ധതികൾ പൂർത്തിയാക്കി;

(ബി) ഇവയ്ക്ക് ഓരോന്നിനുമുള്ള മുതൽമുടക്ക് എത്രരൂപവീതം ഉണ്ട്;

(സി) ഓരോ പദ്ധതികളിലും എത്രപേർക്ക് നേരിട്ട് തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്;

(ഡി) വ്യവസായ സംരംഭങ്ങൾക്ക് ആവശ്യമായ വൈദ്യുതി, ജലം, വാർത്താവിനിമയം, ഗതാഗതം തുടങ്ങിയ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കിയിട്ടുള്ള വ്യവസായ വളർച്ചാ കേന്ദ്രങ്ങൾ എവിടെയെല്ലാം പ്രവർത്തിക്കുന്നുണ്ട്; ഇതിലേക്കായി എന്തു തുക ചെലവഴിച്ചിട്ടുണ്ട്?

ഉത്തരം

(എ)(ബി)&(സി) കെ.എസ്.ഐ.ഡി.സി. ഇക്കാലയളവിൽ 176 പദ്ധതികൾ പൂർത്തിയാക്കി. അവയുടെ വിശദാംശം അനുബന്ധമായി നൽകിയിരിക്കുന്നു.†

(ഡി) കെ.എസ്.ഐ.ഡി.സി.യുടെ ചുമതലയിൽ കണ്ണൂർ, കോഴിക്കോട്, മലപ്പുറം, ആലപ്പുഴ എന്നീ നാലു വ്യവസായ വളർച്ചാ കേന്ദ്രങ്ങളാണ് സ്ഥാപിച്ചുവരുന്നത്. ഇതിലേയ്ക്കായി 2000 മാർച്ച് 31-ാം തീയതിവരെ 36.90 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

† അനുബന്ധം iii
† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly